"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

**തസ്വഭവ-കോഴിക്കോട് ജില്ലയിലെ ഒഞ്ചിയം ഗ്രാമപഞ്ചായത്ത് പതിനാറാം വാർഡിലെ റീ സർവ്വേ 106/32 ലുൾപ്പെട്ട സ്ഥലത്തെ ടെലികമ്മ്യൂണിക്കേഷൻ ടവർ നിർമ്മാണം-പഞ്ചായത്ത് ഭരണസമിതി തീരുമാനം ബഹു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള ട്രിബ്യൂണലിന് റഫർ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശസ്വയംഭരണ(ആർബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1651/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 14/09/2020

---

പരാമർശം:- 1 ഒഞ്ചിയം ഗ്രാമ പഞ്ചായത്തിലെ 02.06.2020 ലെ അടിയന്തര യോഗത്തിലെ 1/78/2020 നമ്പർ തീരു മാനം

2 ഒഞ്ചിയം ഗ്രാമ പഞ്ചായത്തിലെ 30.06.2020 ലെ സാധാരണ മീറ്റിംഗിലെ 95/2020 നമ്പർ തീരു മാനം

3 ഒഞ്ചിയം ഗ്രാമപഞ്ചായത്ത് സെക്രട്ടറി യുടെ 01.07.2020 ലെ എ3-2019/20 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ ഒഞ്ചിയം ഗ്രാമപഞ്ചായത്തിലെ പതിനാറാം വാർഡിലെ റീ സർവ്വേ 106/32ലുൾപ്പെട്ട ശ്രീ.കക്കാട്ട് സന്തോഷിന്റെ ഉടമസ്ഥതയിൽപ്പെട്ട 2.9 ആർ സ്ഥലത്ത് ലീസ് എഗ്രിമെന്റ് പ്രകാരം റിലയൻസ് ജിയോ ഇൻഫ്രാടെൽ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിക്ക് കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, തീരദേശ പരിപാലന നിയമം എന്നീ നിയമങ്ങൾ പാലിച്ചു കൊണ്ട് ടെലി കമ്മ്യൂണിക്കേഷൻ ടവറിന് നിർമ്മാണാനുമതി നൽകിയിരുന്നു. എന്നാൽ ടവർ നിർമ്മാണം റേഡിയേഷൻ മുതലായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുമെന്നും നിർമ്മാണാനുമതി റദ്ദ് ചെയ്യണമെന്നും ആവശ്യപ്പെട്ട് ഭരണ സമിതി പരാമർശം(1) പ്രകാരം തീരുമാനമെടുക്കുകയുണ്ടായി. എന്നാൽ പ്രസ്തുത തീരുമാനം നിയമാ നുസൃതമല്ലാത്തതിനാൽ ആയത് പുനഃപരിശോധിക്കണമെന്ന സെക്രട്ടറിയുടെ ആവശ്യ പ്രകാരം 30.06.2020 ന് സമിതി ചർച്ച ചെയ്തെങ്കിലും മുൻ തീരുമാനം പുനഃ പരിശോധിക്കേണ്ടതില്ല എന്ന് പരാമർശം(2) പ്രകാരം തീരുമാനിക്കുകയുണ്ടായി. മേൽ സാഹചര്യത്തിൽ പ്രസ്തുത വിഷയം കേരള പഞ്ചായത്ത് രാജ് ആക്ട് 2003ലെ (നിയമാനുസൃതമല്ലാത്ത പ്രമേയങ്ങളിൻ മേൽ സ്വീകരി ക്കേണ്ട നടപടിക്രമം) ചട്ടം 4 പ്രകാരം അന്തിമ തീരുമാനത്തിനായി പരാമർശം(3) പ്രകാരം സർക്കാരിലേയ്ക്ക് റഫർ ചെയ്തിരിന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 2019 ലെ ചട്ടം 83 മുതൽ 38 വരെയുള്ള ചട്ടങ്ങൾ പ്രകാരം നിശ്ചിത കാല പരിധിക്കുള്ളിൽ നിർമ്മാണാനുമതി നൽകിയില്ലെങ്കിൽ അപേക്ഷയിൻമേൽ ഉടനടി തീരുമാനം

കൈക്കൊള്ളാൻ ആവശ്യപ്പെടുന്നതിനു മാത്രമേ ഭരണ സമിതിക്ക് അധികാരമുള്ളൂ. പൊതുജനങ്ങളിൽ നിന്നും മൊബൈൽ ടവർ നിർമ്മാണവുമായി ബന്ധപ്പെട്ട് റേഡിയേഷൻ, മറ്റ് ആരോഗ്യ പ്രശ്നങ്ങൾ എന്നിവ ചൂണ്ടിക്കാട്ടി പരാതികൾ ലഭിക്കുകയാണെങ്കിൽ ആയത് ജില്ലാകളക്ടർ ചെയർമാനായുള്ള ജില്ലാ ടെലികോം കമ്മിറ്റിക്ക് അയയ്ക്കേണ്ടതുമാണ്. ആയതിനാൽ ഭരണസമിതി തീരുമാനം നിയമപ്രകാരമല്ല.

മേൽ സാഹചര്യത്തിൽ പ്രസ്തുത വിഷയം കേരള പഞ്ചായത്ത് രാജ് ആക്ട് 191(2)(1) -ാം ഉപ വകുപ്പ് പ്രകാരം ബഹു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടി യുള്ള ട്രിബ്യൂണലിന്റെ ഉപദേശത്തിനായി റഫർ ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സജുകുമാർ എൻ**
**ഡെപ്യൂട്ടിസെക്രട്ടറി**

പകർപ്പ്

സെക്രട്ടറി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രിബ്യൂണൽ, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം.(ആമുഖ കത്ത് സഹിതം)

സെക്രട്ടറി, ഒഞ്ചിയം ഗ്രാമപഞ്ചായത്ത്.

പ്രസിഡന്റ്, ഒഞ്ചിയം ഗ്രാമപഞ്ചായത്ത്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്) കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതി നായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ